പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4724

22.03.2018 ൽ മറുപടിക്ക്

## ഓട്ടുകമ്പനി മേഖല നേരിടുന്ന പ്രതിസന്ധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പാറക്കൽ അബ്ദുല്ല | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി) |
| (എ) വിവിധ അസംസ്കൃത വസ്തുക്കളുടെ ക്ഷാമം സംസ്ഥാനത്തെ വ്യവസായ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) നിർമ്മാണ മേഖലയിൽ കരിങ്കല്ല്, മണൽ എന്ന പോലെ ഓട്ടു കമ്പനി മേഖലയിൽ കളിമണ്ണിന്റെ ക്ഷാമം സൃഷ്ടിക്കുന്ന പ്രയാസങ്ങൾ പരിശോധിക്കുകയുണ്ടായോ; | (ബി) പരിശോധിച്ചിട്ടുണ്ട്. കേരളത്തിൽ ഓട്/ ഇഷ്ടിക ചെളി നിക്ഷേപം കൂടുതലും കാണുന്നത് നെൽവയലുകളിലും തണ്ണീർത്തടങ്ങളിലുമാണ്. മുൻകാലങ്ങളിൽ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ നിന്നും കളിമണ്ണ് ഖനനം ചെയ്ത് ഇഷ്ടിക, ഓട് നിർമ്മാണത്തിന് ഉപയോഗിച്ചിരുന്നു. എന്നാൽ കേരള നെൽവയലും തണ്ണീർത്തടവും സംരക്ഷണ നിയമം 2008 നിലവിൽ വന്നതോടുകൂടി ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ നിന്നും സാധാരണ കളിമൺ ഖനനം ചെയ്യുന്നതിന് നിരോധനം ഏർപ്പെടുത്തുകയുണ്ടായി. ഇതുമൂലം കളിമൺ ലഭ്യത സംസ്ഥാനത്ത് ഗണ്യമായി കുറഞ്ഞു. ഇപ്പോൾ 2008 ന് മുൻപ് നികത്തപ്പെട്ടതും മേൽ നിയമത്തിന്റെ കീഴിൽ വരാത്തതുമായ തണ്ണീർത്തടങ്ങളിലും നെൽവയലുകളിലും മാത്രമാണ് മുഖ്യമായും ഖനനം നടന്നുവരുന്നത്. കൂടാതെ 5 ഹെക്ടറിൽ കുറവുള്ള സ്ഥലങ്ങളിൽ നടത്തുന്ന ചെറുകിട ധാതുക്കളുടെ ഖനനത്തിനും പാരിസ്ഥിതികാനുമതി നിർബന്ധമായതോടെ മുൻകാലങ്ങളിൽ നടന്നിരുന്ന കളിമൺ ഖനന പ്രവർത്തികൾ നിന്നുപോകുന്ന സാഹചര്യവും ഉളവായി. കളിമണ്ണിന്റെ ലഭ്യതക്കുറവ് മൂലം സംസ്ഥാനത്തെ ഓട്/ ഇഷ്ടിക നിർമ്മാണ രംഗങ്ങളിൽ നിലനിൽക്കുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, 2008 ന് മുമ്പ് (നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ്) നികത്തപ്പെട്ട ഭൂമിയിൽ നിന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കളിമണ്ണ് ശേഖരിക്കുന്നതിന്റെ സാധ്യതകൾ പഠിച്ച് |

ശുപാർശകൾ സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.)-യെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഈ സ്ഥാപനം തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ.ഇ.സി. യുടെ റിപ്പോർട്ട് പ്രകാരം തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതിക്കായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിൽ കൂടി പഠനം നടത്തുന്നതിന് ഈ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ടി ജില്ലകളിൽ പഠനം പൂർത്തിയാകുന്ന മുറയ്ക്ക് കണ്ടെത്തുന്ന കളിമൺ നിക്ഷേപങ്ങൾ ഖനനം ചെയ്യുന്നതിന് അനുമതി നൽകുന്നതാണ്. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ കളിമണ്ണ് ഖനനത്തിന് ജില്ലാകളക്ടറിൽ നിന്നുള്ള നിരാക്ഷേപ പത്രം ആവശ്യമാണെന്ന വ്യവസ്ഥ ഒഴിവാക്കി കെ.എം.എം.സി. ചട്ടം സർക്കാർ ഭേദഗതി ചെയ്തു. കളിമൺ ഖനനത്തിന് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി 2 മീറ്റർ വരെ ആഴത്തിൽ കളിമണ്ണ് ഖനനം ചെയ്യുന്നതിന് 22.06.2017 ലെ GO(P)25/2017/ID ഉത്തരവ് പ്രകാരം മൈനിംഗ് പ്ലാൻ ഒഴിവാക്കിയിട്ടുണ്ട്. ഓട് നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ട്രേഡ് യൂണിയൻ നേതാക്കളുമായും കളിമൺ വ്യവസായ പ്രതിനിധികളുമായും വ്യവസായ വകുപ്പ് മന്ത്രി 29.11.2017 ന് ചർച്ച നടത്തുകയും കളിമണ്ണ് ലഭ്യമാക്കുന്നതിന് 20.02.2010 ലെ ജി.ഒ(എം.എസ്) നം.36/2010/വ്യവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഖനനാനുമതി നൽകാവുന്നതാണോയെന്ന് പരിശോധിക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

| | |
|---|---|
| (സി) എങ്കിൽ 1878 - ൽ സ്ഥാപിതമായ കോഴിക്കോട് ജില്ലയിലെ കാലിക്കറ്റ് ടൈൽ കമ്പനി കളിമൺ ക്ഷാമം കാരണം ഇപ്പോൾ അടച്ചുപൂട്ടുകയുണ്ടായോ; | (സി) 1878 ൽ സ്ഥാപിതമായ കോഴിക്കോട് ജില്ലയിലെ കാലിക്കറ്റ് ടൈൽ കമ്പനി കഴിഞ്ഞ ഒരു മാസമായി കളിമണ്ണ് ലഭ്യമല്ലാത്തതിനാൽ ലോക്ക് ഔട്ട് (lock out) ചെയ്തിരിക്കുകയാണ്. |
| (ഡി) എങ്കിൽ ധാരാളം ഓട്ടുകമ്പനികൾ പ്രവർത്തിക്കുന്ന ഈ മേഖലയിൽ കളിമൺ ക്ഷാമം മറ്റു കമ്പനികളുടെ ഉത്പാദനത്തെയും ബാധിക്കുമെന്ന് കരുതുന്നുണ്ടോ; | (ഡി) ഉണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഇത് ഒഴിവാക്കാൻ ഇതര സംസ്ഥാനങ്ങളിൽ നിന്ന് കളിമണ്ണ് ഇറക്കുമതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ഇ) | 2015 ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 107 പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി ചെറുകിട ധാതുക്കൾ ആർക്കും കേരളത്തിലേക്ക് അന്യ സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും ഇറക്കുമതി ചെയ്യാവുന്നതാണ്. ഇതിനായി പ്രത്യേക സർക്കാർ അനുമതിയുടെ ആവശ്യമില്ല. ഇതുപ്രകാരം അന്യസംസ്ഥാനങ്ങളിൽ നിന്നും കളിമണ്ണ് ഇറക്കുമതി ചെയ്യുന്നതിന് നിലവിൽ തടസ്സമൊന്നും ഇല്ലാത്തതും അപ്രകാരം ആരെങ്കിലും ഇറക്കുമതി ചെയ്യാനുദ്ദേശിക്കുന്ന പക്ഷം അവരെ പ്രോത്സാഹിപ്പിക്കുന്നതുമാണ്. |

Manjith

**സെക്ഷൻ ഓഫീസർ**